**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6414** **10-07-2024 - ൽ മറുപടിയ്ക്ക്**

**സംരക്ഷിത സ്മാരകങ്ങൾ നിർമ്മിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരക്ഷിത സ്മാരകം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ; | (എ) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ ചട്ടമ്പി സ്വാമികളുടെ തറവാട് വീട് സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ വൈകുന്നത് സംബന്ധിച്ച പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ.ഉ.(സാധാ)നം.105/2024/CLAD തീയതി, 27.02.2024 പ്രകാരം തിരുവനന്തപുരം മലയിൻകീഴിലെ മച്ചേൽ സ്ഥിതി ചെയ്യുന്ന ചട്ടമ്പി സ്വാമികളുടെ മാതൃഭവനം സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി 67 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ 19(1) പ്രഖ്യാപന കാലാവധി 08.08.2024 ന് പൂർത്തിയാകുന്നതാണ്. പ്രസ്തുത തീയതി വരെ 12% അധിക വർധനവ് കണക്കാക്കിയത് പ്രകാരം ₹70,35,319/- ആണ് അവാർഡ് പാസാക്കുന്നതിലേക്ക് ആവശ്യമായി വരുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് എൽ.എ കോസ്റ്റ് ഇനത്തിൽ ആകെ ആവശ്യമായ ₹70,35,319/- ൽ നിന്നും ആകെ അനുവദിച്ച ₹62,50,000/- കിഴിച്ച് ബാക്കി ആവശ്യമായ ₹7,85,319/- കൂടി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | ചട്ടമ്പി സ്വാമികളുടെ ജീവചരിത്രം വരുംതലമുറയ്ക്ക് പഠനവിധേയമാക്കാവുന്ന തരത്തിൽ പഠന കേന്ദ്രം, സ്മാരകം എന്നിവ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ.ഉ.(സാധാ)നം.105/2024/CLAD തീയതി, 27.02.2024 പ്രകാരം തിരുവനന്തപുരം മലയിൻകീഴിലെ മച്ചേൽ സ്ഥിതി ചെയ്യുന്ന ചട്ടമ്പി സ്വാമികളുടെ മാതൃഭവനം സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി 67 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ 19(1) പ്രഖ്യാപന കാലാവധി 08.08.2024 ന് പൂർത്തിയാകുന്നതാണ്. പ്രസ്തുത തീയതി വരെ 12% അധിക വർധനവ് |

| | | | |
|---|---|---|---|
| | | | കണക്കാക്കിയത് പ്രകാരം ₹70,35,319/- ആണ് അവാർഡ് പാസാക്കുന്നതിലേക്ക് ആവശ്യമായി വരുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് എൽ.എ കോസ്റ്റ് ഇനത്തിൽ ആകെ ആവശ്യമായ ₹70,35,319/- ൽ നിന്നും ആകെ അനുവദിച്ച ₹62,50,000/- കിഴിച്ച് ബാക്കി ആവശ്യമായ ₹7,85,319/- കൂടി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | സ്മാരകം | ജില്ല | തുക |
|---|---|---|---|
| 1. | അരുവിപ്പുറം മഠം പുനരുദ്ധാരണം ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് | തിരുവനന്തപുരം | 50 ലക്ഷം |
| | | | 40 ലക്ഷം Resume fund |
| | | | 26,63,420 Resume fund |
| 2. | തകഴി സ്മാരകം | ആലപ്പുഴ | 190 ലക്ഷം |
| 3. | എ.ആർ. രാജരാജ വർമ്മ സ്മാരകം | ആലപ്പുഴ | 40 ലക്ഷം |
| 4. | വയലാർ രാമവർമ്മ ട്രസ്റ്റ്, ചന്ദ്രകളഭം | ആലപ്പുഴ | 40 ലക്ഷം |
| 5. | കടമ്മനിട്ട രാമകൃഷ്ണൻ ഫൗണ്ടേഷൻ | പത്തനംതിട്ട | 10 ലക്ഷം |
| 6. | സെന്റ് കുര്യാക്കോസ് ചാവറ പിൽഗ്രിം സെന്റർ | കോട്ടയം | 10 ലക്ഷം |
| | | | 20 ലക്ഷം |
| 7. | മഹാകവി ഒളപ്പമണ്ണ സ്മാരകം, പെരിങ്ങോട്ടുകുറിശ്ശി | പാലക്കാട് | 25 ലക്ഷം |
| 8. | മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി | കണ്ണൂർ | 50 ലക്ഷം |
| 9. | ഗോവിന്ദപൈ സ്മാരകം, മഞ്ചേശ്വരം | കാസർഗോഡ് | 57 ലക്ഷം |